LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളി ക്ഷേമനിധി വിഹിതം

5 (*540) ശ്രീ. എ. സുജനപാൽ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് കയറ്റുമതിക്കാർ നൽകേണ്ട വിഹിതം ഈടാക്കിയിരുന്നത് എപ്രകാരമായിരുന്നു :

(ബി) ഈ തുക സമുദ്രോല്പന്ന കയറ്റുമതി വികസന ഏജൻസി കയറ്റുമതിക്കാരിൽ നിന്നും ഈടാക്കുകയും, മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് അടയ്ക്കുകയും ചെയ്തിരുന്നോ :

(സി) ഇപ്പോൾ മത്സ്യോല്പന്ന കയറ്റുമതിക്കാർ നേരിട്ട് മത്സ്യം കയറ്റുമതി ചെയ്യുന്നുണ്ടോ :

(ഡി) ഇതിന്റെ ഫലമായി സമുദ്രോല്പന്ന കയറ്റുമതി വികസന ഏജൻസി കയറ്റുമതിക്കാരിൽ നിന്നും വിഹിതം ഈടാക്കി മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് അടച്ചിരുന്ന നടപടി നിർത്തിവച്ചിട്ടുണ്ടോ :

(ഇ) ഇപ്പോൾ ഈ ക്ഷേമനിധിയിലേക്ക് കയറ്റുമതിക്കാരിൽ നിന്നും വിഹിതം ലഭിക്കുന്നതെപ്രകാരമാണ് വിശദമാക്കുമോ ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) :

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ് ഓരോ കയറ്റുമതിക്കാർക്കും പ്രത്യേകം നോട്ടീസു നൽകി ക്ഷേമനിധി വിഹിതം നേരിട്ട് ഈടാക്കുകയായിരുന്നു.

(ബി) ഇല്ല. മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള വിഹിതം സമുദ്രോല്പന്ന കയറ്റുമതി വികസന ഏജൻസി മുഖേന പിരിച്ചിരുന്നില്ല.

(സി) ഉണ്ട്.

(ഡി) ചോദ്യത്തിൽ പരാമർശിക്കുന്ന നടപടി നിലവിൽ ഉണ്ടായിരുന്നില്ല.

(ഇ) സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ 1-2-2002-ലെ വിധി പ്രകാരം ക്ഷേമനിധി ആക്ടിന്റെ 4(2) സെക്ഷൻ അസാധുവാക്കി. അതിനാൽ മത്സ്യകയറ്റുമതിക്കാർ ക്ഷേമനിധിയിലേക്ക് വിഹിതം അടയ്ക്കേണ്ടതില്ല. മത്സ്യക്കയറ്റുമതിക്കാരിൽ നിന്നുകൂടി ധനസമാഹരണം സാദ്ധ്യമാകുംവിധം ഒരു മത്സ്യത്തൊഴിലാളി സെസ്സ് ആക്ട് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള ബില്ല് നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.